# പതിമൂന്നാം കേരള നിയമസഭ

## 8-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2189, 26.03.2013 - ലെ മറുപടിയ്ക്ക്**

**പത്തനംതിട്ട ജില്ലയിലെ എസ്.എ.എസ് ഏജന്റുമാർക്ക് ബോണസും അലവൻസും അനുവദിക്കുന്നതിലെ കാലതാമസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി ശ്രീ.കെ.എം.മാണി. |
| (എ). ദേശീയ സമ്പാദ്യ പദ്ധതിയുടെ പത്തനംതിട്ട ജില്ലയിലെ എസ്.എ.എസ് ഏജന്റുമാർക്ക് കഴിഞ്ഞ 6 വർഷമായി ബോണസും രണ്ടര വർഷത്തിലധികമായി അലവൻസും നൽകാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ? | പത്തനംതിട്ട ജില്ലയിലെ അഞ്ച് എസ്.എ.എസ് ഏജന്റുമാരും ഒരു ഉദ്യോഗസ്ഥയും ഉൾപ്പടെ പണം തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് നിലനിൽക്കുന്നതിനാലാണ് ഏജന്റുമാർക്ക് അലവൻസും ബോണസും നൽകാതിരുന്നത്. കൂടുതൽ എസ്.എ.എസ്. ഏജന്റുമാർക്ക് ഇതുമായി ബന്ധമുണ്ടോയെന്ന് പരിശോധിക്കേണ്ട സാഹചര്യത്തിലാണ് മുഴുവൻ ഏജന്റുമാർക്കും അലവൻസും ബോണസും നൽകാതിരുന്നത്. എന്നാൽ വിജിലൻസ് കേസിന്റെ നടപടിക്രമങ്ങൾ തുടരുന്ന സാഹചര്യത്തിൽ തിരിമറിയുമായി ബന്ധപ്പെട്ട അഞ്ച് ഏജന്റുമാരെ ഒഴിവാക്കി, മറ്റ് എല്ലാ ഏജന്റുമാർക്കും അർഹതപ്പെട്ട അലവൻസും ബോണസും നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) അലവൻസ് നൽകിയതുമായി ബന്ധപ്പെട്ട് നിലവിൽ എത്ര കേസുകളാണുള്ളത്; ഈ കേസുകളിൽ പ്രതികളായവർ ആരൊക്കെ: ഈ കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്: | 5 കേസുകളാണ് നിലവിലുള്ളത്.<br><br>1. എം.സി.ശാന്തകുമാരി<br>(റിട്ട: ഡി.ഡി.എൻ.എസ്, പത്തനംതിട്ട)<br>2. ശാന്തകുമാരി(എസ്.എ.എസ് ഏജന്റ്)<br>3. വസന്ത(എസ്.എ.എസ് ഏജന്റ്)<br>4. അനു ജേക്കബ്(എസ്.എ.എസ് ഏജന്റ്)<br>5. ആനന്ദ ഭായി (എസ്.എ.എസ് ഏജന്റ്)<br>6. മുരളീധരൻ പിള്ള(എസ്.എ.എസ് ഏജന്റ്)<br>വിജിലൻസ് കേസ് തുടരുന്നു. |
| (സി) കേസുകളിൽ പ്രതിയായവരെ മാറ്റിനിർത്തി ഏജന്റുമാർക്ക് അലവൻസ് നൽകുന്നതിന് നിലവിൽ എന്തു തടസ്സമാണുള്ളത് എന്ന് വ്യക്തമാക്കാമോ? | തടസ്സമൊന്നുമില്ല. സർക്കാരിന്റെ പരിഗണനയിലായിരുന്ന ഫയലിൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. കേസുകളിൽ പ്രതിയായവരെ മാറ്റി നിർത്തി മറ്റുള്ള ഏജന്റുമാർക്ക് അർഹതപ്പെട്ട അലവൻസും ബോണസും കുടിശ്ശിക സഹിതം മുഴുവൻ ഉടൻ വിതരണം ചെയ്യുന്നതാണ്. |
| (ഡി) പത്തനംതിട്ട ജില്ലയിലെ എസ്.എ.എസ് ഏജന്റുമാർക്ക് അലവൻസ് നൽകുന്നതിന് അലോട്ട്മെന്റിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ: ഫയൽ നമ്പർ ലഭ്യമാക്കാമോ: ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്: ഇതിൻമേൽ തീരുമാനമെടുക്കാൻ വൈകുന്നത് എന്തു കൊണ്ട്? | ഉണ്ട്.<br><br>7. ഫയൽ:69170/ഭരണം.സി.1/12/ധന<br>(യു.ഒ.ഫയൽ:1846/ദേ.സ.പ./ബി2/ധന)<br><br>ഫയൽ സർക്കാരിന്റെ കൈവശമാണ്. കേസുകളിൽ പ്രതിയായവരെ മാറ്റി നിർത്തി മറ്റുള്ളവർക്ക് അർഹതപ്പെട്ട അലവൻസും ബോണസും കുടിശ്ശിക സഹിതം വിതരണം ചെയ്യുന്നതാണ്. |

| | |
|---|---|
| (ഇ) അലവൻസു നൽകാൻ കഴിയാത്തതുമൂലമാണ് അലവൻസിന്റെ അടിസ്ഥാനത്തിലുള്ള ബോണസ് നൽകാൻ കഴിയാത്തത് എന്ന് ജില്ലാതല ദേശീയ സമ്പാദ്യപദ്ധതി ഉദ്യോഗസ്ഥരുടെ നിലപാട് തിരുത്തിക്കാനും കുടിശ്ശിക ബോണസ് നൽകാനും, കുടിശ്ശിക സഹിതം ഇതേ വരെയുള്ള അലവൻസ് നൽകാനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | പത്തനംതിട്ട ജില്ലയൊഴികെ സംസ്ഥാനത്തെ മഹിളാപ്രധാൻ/ എസ്.എ.എസ് ഏജന്റുമാർക്ക് 2011 നവംബർ വരെയുള്ള മുഴുവൻ ബോണസും അലവൻസും നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ഏജന്റുമാരിൽ വിജിലൻസ് കേസിൽ ഉൾപ്പെട്ട അഞ്ചുപേരെ മാറ്റി നിർത്തി എല്ലാ ഏജന്റുമാർക്കും അലവൻസും ബോണസും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അലവൻസും ബോണസും കുടിശ്ശിക സഹിതം നൽകുവാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ